(സി) അസംസ്കൃത സാധനങ്ങൾ നിയന്ത്രിത വിലയ്ക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ-സി) കൈത്തറി വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളായ കഴിനൂൽ, ചായം എന്നിവ ന്യായവിലയ്ക്ക് ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പാക്കി വരുന്നുണ്ട്. 1997-98 മുതൽ നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം ഹാൻടെക്സ്, ഹാൻവീവ്, ജില്ലാ സഹകരണ യാൺ ബാങ്ക് എന്നിവ വഴി, കൈത്തറി സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ കഴിനൂൽ വിതരണം ചെയ്യുന്നുണ്ട്.

പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം

21 (*111) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വിവരസാങ്കേതിക വിദ്യ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ & ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മദ്ധ്യതല മാനേജ്മെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പരിശീലന പരിപാടികൾ നൽകിവരുന്നുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പീഡിത വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ധനം സ്വരൂപിച്ച് കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൽ നിന്നും കമ്പനികൾക്ക് ധനം കൈമാറുന്നതിനായി ഐ.സി.ഐ.സി.ഐ. ബാങ്കിന്റെ 'കോർപ്പറേറ്റ് ഇൻഫിനിറ്റി' എന്ന സ്കീം മുഖേന കമ്പ്യൂട്ടർ ഉപയോഗിച്ച് ഇന്റർനെറ്റ് വഴിയുള്ള ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വ്യവസായ പുനരുദ്ധാരണ നിധിയിൽ നിന്നും കമ്പനിക്കു ലഭിക്കുന്ന തുക റിയാബിന്റേയും കമ്പനിയുടേയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. 'കോർപ്പറേറ്റ് ഇൻഫിനിറ്റി' എന്ന മേൽപ്പറഞ്ഞ സംവിധാനം വഴി ഈ ജോയിന്റ് അക്കൗണ്ടിലെ ധനവിനിയോഗം കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഇന്റർനെറ്റു വഴി എപ്പോൾ വേണമെങ്കിലും പരിശോധിക്കാനും സാധിക്കും.

തെരുവുകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി

22 (*112) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിലും പട്ടണങ്ങളിലുമുള്ള, തൊഴിൽ എടുക്കുന്ന തെരുവുകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുവാനും അവർക്ക് ഔപചാരിക വിദ്യാഭ്യാസം നൽകാനുമുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly